## പരസ്യവിചാരണ

മഹാപിതാവേ, അങ്ങ് ഇപ്പോൾ തന്നെ ഈ ഉന്നത പീഠത്തിലേക്ക് കയരിയിരുന്നാലും. ഞങ്ങൾക്ക് അങ്ങയെ പരസ്യ വിചരണയ്ക്ക് വിധേയനാക്കണം.

ഏഴ് പുത്രന്മാരും, മഹാപിതവിന്റെ വാമഭാഗത്തോട്ടുകൂടി എട്ടു കളത്രങ്ങളും വലിയ ബലപ്രയോഗമില്ലാതെ പിതാവിനെ പിടിച്ച് ഉന്നത പീഠത്തിലിരുത്തി.

കാഴ്ചക്കാരായി ആ മഹാപിതാവിന്റെ പതിമൂന്ന് ചെറുമക്കളും ചെറുമക്കളുടെ ഇരുപത്തിമൂന്ന് മക്കളും യഥാസ്ഥാനത്തു തന്നെ ഉന്നത പീഠത്തിനു മുന്നിൽ ഉപവിഷ്ടരായി.

ഏഴുപുത്രന്മാരും എട്ടു കളത്രങ്ങളും കൂടി പിതാവിനോട് ചോദ്യങ്ങൾ ചോദിച്ചു തുടങ്ങി.

ഈ കാടയകാടൊക്കെ കൈയ്യേറി വെട്ടിത്തെളിച്ച് റബ്ബറും കപ്പയും ചേമ്പും ചേനയും പൈനാപ്പിളും വച്ചു പിടിപ്പിച്ചു, ഈ പടങ്ങളാകെ ഉഴുതൊരുക്കി നെല്ലും  വിളയിച്ചു. കാട്ടിൽ കയറി മാംസ ഭക്ഷണം നേടി, പുഴയിൽ നിന്ന് മത്സ്യം പിടിച്ചു എല്ലാവരും സുഖമായിട്ട് ജീവിച്ചു. ഞങ്ങൾ മാത്രം ദുരിതങ്ങൾ അനുഭവിച്ചു

പിതവേ... മട്ടുത്തു... ഇനി ഞങ്ങൾക്ക് വിശ്രമിക്കണം.  അങ്ങ പുറത്ത് നിന്നും ധനം കൊണ്ടു വന്ന് ഇവിടെ തേനും പാലും ഒഴുക്കമെന്നും സുഖ സൌകര്യങ്ങൾ പണിയുമെന്നും സൂചിപ്പിച്ചിരുന്നു. ഒന്നും ഞങ്ങൾ കണ്ടില്ല. എവിടെയാണതെല്ലാം....

മഹാപിതാവ് ആർത്ത് ചിരിച്ചു ഞാൻ പുറത്തു നിന്നും കൊണ്ടു വരുമെന്ന് പറഞ്ഞത് സ്വപ്നമായിരുന്നു.... നിങ്ങൾ ഇവിടെ നിന്ന് നേടി സ്വരുക്കൂട്ടിയതെല്ലാം നമ്മുടെ അടുത്ത തലഅമുറ അനുഭവിക്കുന്നില്ലേ.... ഞാനൊന്നും സ്വന്തമായി ചെലവഴിച്ചിട്ടില്ല.  നിങ്ങൾക്ക് അതു പോരെ....

പിതാവെ... ഞങ്ങളുടെ നേട്ടങ്ങൾ അവരുടെ കണ്ണുകളിൽ നിസ്സാരങ്ങളാണ്....ഞങ്ങൾ അനുഭവിച്ച ദുരിതങ്ങൾ വിഡ്ഢിത്ത പൂർണമായ ചിന്തക്കളിൽ നിന്നും ഉണ്ടായതാണെന്നാണ് അവർ പറയുന്നത്. അവർക്ക് ലക്ഷങ്ങളുടെയും കോടികളുടെയും കണക്കുകളേ അറിയൂ.

അത് എനിക്കും തോന്നിയിട്ടുണ്ട്. പക്ഷെ, ഇനിയും പറഞ്ഞിട്ട് കാര്യമില്ല. നിങ്ങൾക്കും യഥാസമയം സുഖങ്ങൾ നേടാമയിരുന്നു. ഇനിയും ഈ പുതു തലമുറയ്ക്കു വേണ്ടി ജീവിച്ചു തീരുവാനേ മാർഗമുള്ളൂ.

എഴു പുത്രന്മാരും മാതാവോട്ടു കൂടിയ കളത്രങ്ങളും, പതിമ്മൂന്ന് ചെറുമക്കളെയും അവരുടെ മക്കളെയും ഒരുമിച്ചു നോക്കി.  അവരെല്ലാം വേഷം മാറിയിരിക്കുന്നു.

ഇടത് മുന്നിലിരിക്കുന്നു, രാമായണം എന്ന സാങ്കല്പിക കഥയെഴുതിയ വൽമീകി, അടുത്തു തന്നെ മഹാഭാരതമെന്ന യുദ്ധ കഥ തീർത്ത വ്യസൻ, തുടർന്ന് അവരുടെ കഥാപത്രങ്ങൾ, രാമൻ, സീത, ദുര്യോദനൻ, ധർമ്മപുത്രർ, ദ്രൌപതി, ഭീമൻ, കുന്തി, ധൃധരാഷ്ടർ, ശകുനിയെന്ന മഹാൻ.......

തുടർന്ന് അവരുടെ സിൽബന്ധികൾ...

അങ്കണം നിറഞ്ഞ് ആദിമർ...

പിതാവ് പറഞ്ഞു

ഇവരെല്ലാം ജീവിക്കാൻ വന്നിരിക്കുന്നവരാണ്....ഈ മഹാഭാരതഭൂവിൽ.... ഇനി അവരുടെ ഊഴമാണ്.... അവർക്ക് മാത്രമുള്ളതാണ്.... സഹകരിച്ചാൾ നിങ്ങൾക്കും പുലർന്നു പോകാം. ഇല്ലെങ്കിൽ...

അപ്പോൾ മഹാപിതാവേ.... അങ്ങ്?

ഞാൻ മായയാണ്, വെറും മിഥ്യ....

അനന്തരം, മിഥ്യയായ മഹാപിതാവ് മാഞ്ഞുപോയി....

എഴു പുത്രന്മാരിലും എട്ടു കളത്രങ്ങളിലും, അവശേഷിച്ചിരുന്ന സൂര്യനും അസ്തമിച്ചു പോയി.

@